# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോഓർഡിനേഷൻ സമിതി

**22.05.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.15ന് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിയേറ്റ് നോർത്ത് കമ്മിറ്റി ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15.05.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 സംസ്ഥാനത്ത് ഇതുവരെ 1179 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 60196 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി നടത്തിയിട്ടുള്ളതായി വിലയിരുത്തി. ഇതിന്റെ അടങ്കൽ തുക 3357 കോടി രൂപയാണ്.

2.2 ആസൂത്രണബോർഡ് ഉപാദ്ധ്യക്ഷന്റെ ജില്ലാ പദ്ധതി രൂപീകരണം സംബന്ധിച്ച കത്തും കരട് മാർഗരേഖയും അടുത്ത യോഗത്തിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

2.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ മേഖലകളിലും വിഭാഗങ്ങളിലുമായി (ഉദാ. വനിത, വൃദ്ധർ, ശിശുക്കൾ തുടങ്ങിയവ) നിശ്ചിത ശതമാനം തുക ചെലവഴിക്കണമെന്ന നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണെന്ന് യോഗം അഭിപ്രായപ്പെട്ടു. 2012 – 13 വർഷത്തേക്ക് മേൽ പറഞ്ഞ മേഖലകളിൽ പരിഹാര തുക നിർദ്ദേശിക്കേണ്ടതില്ലെന്നും പ്രസ്തുത മേഖലകളിലെ ചെലവിന്റെ രീതി പരിശോധിച്ചശേഷം അടുത്ത വർഷത്തേക്ക് ഇക്കാര്യത്തിൽ മാറ്റം വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കാമെന്ന് തീരുമാനിച്ചു.

2.4 ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും യഥാക്രമം 15 ലക്ഷം രൂപ, 10 ലക്ഷം രൂപയിൽ കുറവുള്ള പദ്ധതികൾ ഏറ്റെടുക്കരുതെന്ന് പദ്ധതി മാർഗരേഖയിൽ കാണിച്ചിരുന്നു. എന്നാൽ കഴിഞ്ഞ പദ്ധതിയിൽ അംഗീകരിച്ച തുക ടി തുകയിൽ കുറവു വന്ന സാഹചര്യത്തിൽ സമാനമായ രണ്ട് പ്രവൃത്തികൾ ഒരു പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

2.5 സാംഖ്യ/സുലേഖ ഉദ്ഗ്രഥനം സംബന്ധിച്ച വിവിധ വിഷയങ്ങൾ സർക്കുലേറ്റ് ചെയ്ത് സർക്കാരിന്റെ തീരുമാനം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചു.

2.6 വികസനഫണ്ടിലെ ഷോർട്ട്ഫാൾ കുറവു ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ മന്ത്രിസഭയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

2.7 ആശ്രയ പദ്ധതി നടപ്പാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് അടുത്ത യോഗത്തിൽ സമർപ്പിക്കാൻ കുടുംബശ്രീ മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

2.8 പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുഴുവൻ ചെലവുകളും രേഖപ്പെടുത്താതെയും തെറ്റായി രേഖപ്പെടുത്തിയും പൂർത്തീകരണപത്രം തയ്യാറാക്കി ഡി.പി.സി.ക്ക് സർപ്പിക്കുകയും ഫൈനൽ പ്രൊസീഡിംഗ്സ് ഡി.പി.സി. നൽകുകയും ചെയ്തിട്ടുണ്ട്. അതിനാൽ മുഴുവൻ ചെലവുകളും ശരിയായ രീതിയിൽ രേഖപ്പെടുത്താൻ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാതെ വന്നിട്ടുണ്ട്. അവർക്കെല്ലാം പ്രോജക്ട് ഭേദഗതി ആവശ്യമാണ് ഫൈനൽ പ്രൊസീഡിംഗ്സ് ലഭിച്ചു കഴിഞ്ഞ അത്തരത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് ഭേദഗതി ആവശ്യപ്പെട്ടാൽ ജില്ലാ പ്ലാനിംഗ് ഓഫീസർ അനുമതി നൽകണമെന്നും ഭേദഗതി തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ രേഖപ്പെടുത്തണമെന്നും തീരുമാനിച്ചു. ഇതിനുള്ള സൗകര്യം ഐ.കെ.എം. ചെയ്യുന്നതാണ്.

**2.9** 2013-14 വർഷത്തിലെ പ്രാരംഭ ബാക്കി രേഖപ്പെടുത്തുമ്പോൾ സാംഖ്യയിലേയും സുലേഖയിലെയും തുകകൾ ഏകീകരിക്കുന്നത് ഒ.ബി. കറക്ഷൻ എന്ന ഓപ്ഷൻ പ്രകാരം ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓപ്പണിംഗ് ബാലൻസിൽ തിരുത്തലുകൾ വരുത്തുന്നത് ഐ.കെ.എം.ആണ്. അതിനു പകരം ഒ.ബി. കറക്ഷൻ വരുത്തുന്നതിന് സെക്രട്ടറിമാർക്ക് തന്നെ അനുവാദം നൽകാൻ തീരുമാനിച്ചു. ഇതിനുള്ള സംവിധാനം ഐ.കെ.എം. ഏർപ്പെടുത്തുന്നതാണ്.

## 3. പ്രത്യേക വിഷയങ്ങൾ

**3.1 ശുചിത്വ മിഷൻ (ഫയൽ നം. 19212/ഡി.സി1/13/തസ്വഭവ)**
**തീയതി.22.05.2013**

ശിശു സൗഹൃദ ടോയ്‌ലറ്റിന്റെ യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച ശുപാർശ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ പരിശോധിച്ച് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 വലിയപറമ്പ ഗ്രാമപഞ്ചായത്ത് (ഫയൽനം.15787/ഐ.എ1/13/തസ്വഭവ) തീയതി.22.05.2013**

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശകൾ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ചൊക്ലി ഗ്രാമപഞ്ചായത്ത് (ഫയൽ നം28380/എഫ്.എം.3/13/തസ്വഭവ)**
**തീയതി.22.05.2013**

15.12.2010-നു ശേഷം ഗുണഭോക്തൃ സമിതികൾ മുഖേന കറന്റ് ചാർജ് അടയ്ക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തിയശേഷം സാധൂകരണം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ (PRTC) കോഴിക്കോട് (ഫയൽ നം. 30299/ഡി.എ1/13/തസ്വഭവ)തീയതി.22.05.2013**

പ്രീ റിക്രൂട്ട്മെന്റ് പരിശീലനം നൽകുന്ന സ്ഥാപനത്തിന്റെ ഫീസ് ഘടന, പരിശീലനാർത്ഥികളുടെ എണ്ണം, പ്ലേസ്മെന്റ് തുടങ്ങിയവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയശേഷം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കാർത്തിക നായർ മെമ്മോറിയൽ റീഹാബിലിറ്റേഷൻ സെന്റർ, തിരുവല്ല (ഫയൽ നം. 65773/ഡി.ബി.2/12/തസ്വഭവ)**

**തീയതി.22.05.2013**

പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ അഭിപ്രായവും സാമൂഹ്യനീതി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടും ലഭ്യമാക്കി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 നാട്ടിക ഗ്രാമപഞ്ചായത്ത് (ഫയൽ നം. 16773/ഡി.സി.1/12/തസ്വഭവ) തീയതി. 22.05.2013**

ശുചിത്വ മിഷന്റെ റിമാർക്സ് ലഭ്യമായശേഷം ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പേരാമ്പ്ര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 29861/എഫ്.എം.3/13/തസ്വഭവ).**

**തീയതി.22.05.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അനുവദിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത്**
**(ഫയൽ നം. 30868/ഇ.ഡബ്ല്യൂ.3/10/തസ്വഭവ) തീയതി.22.05.2013**

എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഇന്റർനെറ്റും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു തവണത്തേക്കു മാത്രമായി അനുവാദം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കാളികാവ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 27109/ഡി.ഡി.2/13/തസ്വഭവ)**

**തീയതി.22.05.2013**

ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെടുന്ന ഡാറ്റാഎൻട്രി സൗകര്യങ്ങൾ ഇപ്പോൾ തന്നെ ലഭ്യമാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തൃക്കാക്കര നഗരസഭ (ഫയൽ നം. 77625/ഡി.സി.1/12/തസ്വഭവ)**

**തീയതി.22.05.2013**

നഗരസഭയുടെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കണ്ണൂർ നഗരസഭ (ഫയൽ നം.24277/ഡി.ബി3/13/തസ്വഭവ)**

**തീയതി.22.05.2013**

വാഹനം സംബന്ധിച്ച നഗരസഭയുടെ ആവശ്യങ്ങൾ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കോന്നി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.29772/ഡി.എ2/13/തസ്വഭവ)**

**തീയതി. 22.05.2013**

കോന്നി ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 മുതുതല ഗ്രാമപഞ്ചായത്ത് (ഫയൽ നം.31234/ഡി.എ2/13/തസ്വഭവ)**

**തീയതി. 22.05.2013**

മുതുതല ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു. കൊയ്ത്ത് മെതിയന്ത്രത്തിന്റെ നിർമ്മാതാക്കളെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്താനും അവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നിയമനടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം.6563/എഫ്.എം.2/13/തസ്വഭവ)**

**തീയതി. 22.05.2013**

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കൊല്ലം ജില്ലാ പഞ്ചായത്ത് (ഫയൽ നം.27990/ഡി.ബി.3/13/തസ്വഭവ)**

**തീയതി. 22.05.2013**

റിട്ട് പെറ്റീഷൻ സംബന്ധിച്ച വിശദവിവരങ്ങളും സൂപ്രണ്ടിംഗ് എഞ്ചിനീയർ പ്രോജക്ട് നിരാകരിച്ചതിനുള്ള കാരണങ്ങളും ലഭ്യമാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കേരള ബുക്ക് മാർക്ക് (ഫയൽ നം.27299/ഡി.എ2/13/തസ്വഭവ)തീയതി. 22.05.2013**

ബുക്ക്മാർക്കിന്റെ നിർദ്ദേശം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 നാദാപുരം ഗ്രാമപഞ്ചായത്ത് തീയതി. 22.05.2013**

നാദാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ സൂപ്പിനരിക്കാട്ടേരിയുടെ കത്തിലെ ആവശ്യം അനുസരിച്ചുള്ള ഭവന പദ്ധതി ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയുമെന്നും അതിന് 07.03.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ പാലിച്ചാൽ മതിയെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റി തീയതി. 22.05.2013**

വിഷയം സബ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം രാവിലെ 9.30 സമാപിച്ചു)**